ലൈക് പേജ്

റഹ്മാൻ മധുരക്കുഴി

> സമൂഹത്തിലെ പ്രശസ്ത വ്യക്തികൾ പോലും ടി.വി ചാനലുകളിലൂടെ ആൾദൈവങ്ങളുടെയും 'ദിവ്യാത്ഭുത ശംഖി'ന്റെയും മാന്ത്രിക ഏലസ്സുകളുടെയും പ്രചാരകരും സ്തുതി പാഠകരുമായി പ്രത്യക്ഷപ്പെടുമ്പോൾ സാധാരണക്കാർ എന്തു ചെയ്യും?

# അന്ധവിശ്വാസം, അതല്ലേ എല്ലാം!

മന്ത്രവാദ ചികിത്സക്കിരകളായി രണ്ട് സഹോദരിമാർക്ക് ജീവൻ വെടിയേണ്ടിവന്ന സംഭവം സാക്ഷര പ്രബുദ്ധ കേരളത്തെ നാണക്കേടിലാഴ്ത്തി. ഒന്ന്, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി തഴവയിൽ. മറ്റൊന്ന് മലപ്പുറം ജില്ലയിൽ. രണ്ട് ദുരന്തങ്ങളും ജിന്ന് ബാധ ഒഴിപ്പിക്കാനുള്ള മന്ത്രവാദ ചികിത്സയുടെ ഭീകരമുഖമാണ് അനാവരണം ചെയ്തത്. കരുനാഗപ്പള്ളി തഴവയിലെ ഹസീന എന്ന ദൗർഭാഗ്യവതിയെ സിറാജുദ്ദീൻ മുസ്‌ലിയാർ എന്ന വ്യാജസിദ്ധൻ ചവിട്ടിക്കൊല്ലുകയായിരുന്നു. ഭീകരമായ മർദനത്തിൽ നട്ടെല്ലും ആന്തരാവയവങ്ങളും തകർന്ന് ചോര വാർന്നാണത്രെ ഹസീന അന്ത്യശ്വാസം വലിച്ചത്. അപസ്മാര രോഗത്തിന്റെ ലക്ഷണം, 'പിശാച് ബാധ'യുടെ ഭാഗമാണെന്ന ഭയമാണ് എടപ്പാളിലെ ഗർഭിണിയായ ഫർസാനയെന്ന ഇരുപതുകാരിയെ വ്യാജ സിദ്ധന്റെ അടുത്തേക്കും തുടർന്ന് ദാരുണമായ മരണത്തിലേക്കും നയിച്ചത്. വീടിന് പരിസരത്തുള്ള നിധി കണ്ടുപിടിച്ചു കൊടുക്കാമെന്ന് പറഞ്ഞ് കൊണ്ടോട്ടി പുളിക്കലിലെ ശകുന്തളയിൽ നിന്ന് സ്വർണവും പണവും തട്ടിയെടുക്കുകയും കൊലപാതകം നടത്തുകയും ചെയ്തു വേട്ടക്കൊരുമകൻ ക്ഷേത്രത്തിലെ പൂജാരി ദുർഗ പ്രസാദ്.



മന്ത്രവാദ വിദ്യയിലൂടെ ഉദ്ദിഷ്ട കാര്യലബ്ധി വാഗ്ദാനം ചെയ്ത് പലസ്ത്രീകളിൽ നിന്നും സ്വർണം തട്ടി വഞ്ചിച്ച ശിഹാബുദ്ദീൻ എന്ന വിരുതനെക്കുറിച്ച വാർത്ത മാസങ്ങൾക്ക് മുമ്പ് പത്രങ്ങളിൽ വന്നിരുന്നു. രോഗം ഭേദമാകുന്നതിന് ഒരു സ്ത്രീ, ഈ വിരുതന്റെ മുമ്പിൽ കാഴ്ചവെച്ചത് 77 പവൻ സ്വർണാഭരണമായിരുന്നുവെങ്കിൽ ഈ സ്ത്രീയുടെ തന്നെ സഹോദരി തനിക്കൊരു വിവാഹം തരപ്പെട്ടു കിട്ടാൻ കൊടുത്തത് 10 പവനായിരുന്നു! ഒരു യുവതി സ്വർണം നൽകിയത് ഭർത്താവിന്റെ മദ്യപാനം മാറിക്കിട്ടാനാണെങ്കിൽ മറ്റൊരുവൾ ഉദ്ദിഷ്ട കാര്യലബ്ധിക്കായിരുന്നു. മറ്റൊരുവളാവട്ടെ വീട് നിർമാണത്തിലെ തടസ്സം നീങ്ങിക്കിട്ടുന്നതിന് വേണ്ടിയും.

ബേപ്പൂരിൽ നടക്കുന്ന സ്വലാത്തിൽ ഉസ്താദ് ജപിച്ചു നൽകുന്ന സ്വർണാഭരണം വീടിന്റെ മൂലകളിൽ കുഴിച്ചിട്ടാൽ ഏതു കാര്യവും സാധിക്കുമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചായിരുന്നു ശിഹാബ് തന്റെ തട്ടിപ്പ് പരിപാടികൾ സംഘടിപ്പിച്ചുവന്നത്. വീടിന്റെ മൂലകളിൽ നിന്ന് ശേഖരിച്ച് കൊണ്ടുവരുന്ന മണ്ണ് പാക്കറ്റുകളിലാക്കി, സ്വലാത്തിൽ ജപിച്ച ആഭരണം പാക്കറ്റുകളിലുണ്ടെന്ന് വിശ്വസിപ്പിക്കുകയായിരുന്നു. ഇവ വീടിന്റെ മൂലകളിൽ കുഴിച്ചിടണമെന്നും ഉസ്താദിന്റെ അനുവാദമില്ലാതെ അവ പുറത്തെടുത്താൽ അപകടം ഉണ്ടാവുമെന്നും മുന്നറിയിപ്പ് നൽകുകയും ചെയ്തു. ഒരു സ്ത്രീ പാക്കറ്റ് പൊളിച്ച് പരിശോധിച്ചപ്പോൾ കല്ലും കട്ടകളുമല്ലാതെ സ്വർണാഭരണങ്ങൾ പാക്കറ്റിലില്ലെന്ന് ബോധ്യമായതോടെയാണ് 'സിദ്ധ'ന്റെ തട്ടിപ്പ് പുറത്തായത്.

അന്ധവിശ്വാസജഢിലമായ മനസ്സുകളുടെ ഉടമസ്ഥരായ ആളുകൾ, കുട്ടികൾ ഉറക്കത്തിൽ മൂത്രം ഒഴിക്കുന്നത് ഇല്ലാതാക്കുന്നത് മുതൽ സന്താനസൗഭാഗ്യം വരെയുള്ള കാര്യങ്ങളുടെ സാധ്യത്തിനായി മന്ത്രവാദികളെയും വിവിധ മതക്കാരായ വ്യാജസിദ്ധന്മാരെയും സമീപിക്കുന്നു. നിധി കണ്ടെത്തൽ, വ്യവസായാഭിവൃദ്ധി, വിവാഹം തരപ്പെടൽ, ജോലി ലബ്ധി തുടങ്ങി സർവമാന കാര്യങ്ങൾക്കും ഇത്തരക്കാർ, അത്ഭുത ശക്തി അവകാശപ്പെട്ട് രംഗം കൈയടക്കുന്ന തട്ടിപ്പ് വീരന്മാരെ ശരണം പ്രാപിക്കുന്നു. അന്ധവിശ്വാസം മൂടുറച്ചവരെ കെണിയിൽ വീഴ്ത്താൻ തക്കം പാർത്തിരിക്കുന്ന ഇത്തരം സാമൂഹിക ദ്രോഹികൾക്ക് അത്ഭുത രോഗശാന്തി ചികിത്സ, അത്ഭുത ശംഖ്, ദിവ്യരത്നം, മാന്ത്രിക ഏലസ് എന്നിവയുടെ പരസ്യം നൽകി നമ്മുടെ ചില മാധ്യമങ്ങൾ പ്രചാരം നൽകുകയും ചെയ്യുന്നു. സമൂഹത്തിലെ പ്രശസ്ത വ്യക്തികൾ പോലും ടി.വി ചാനലുകളിലൂടെ ആൾദൈവങ്ങളുടെയും 'ദിവ്യാത്ഭുത ശംഖി'ന്റെയും മാന്ത്രിക ഏലസ്സുകളുടെയും പ്രചാരകരും സ്തുതിപാഠകരുമായി പ്രത്യക്ഷപ്പെടുമ്പോൾ സാധാരണക്കാർ എന്തു ചെയ്യും? ഭരണ നേതൃത്വവും നിയമപാലകരും അന്ധവിശ്വാസ പ്രചാരണങ്ങളിൽ പങ്കുവഹിക്കുന്ന ദുസ്ഥിതിയാണ് കാണാനാവുന്നത്. ചെറിയ തോതിലുള്ള മാനസിക അസ്വസ്ഥത പോലും പൈശാചിക ബാധയാണെന്ന് വിശ്വസിക്കുന്ന 'പരിഷ്കൃത സമൂഹ'മാണ് ഇവിടെയുള്ളത്.

Vol. No: 71 Issue No. 16 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla